# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4736 | 19.05.2017 ന് മറുപടിയ്ക്ക്.

## വനം വകുപ്പിന് ലോക ബാങ്കിൽ നിന്ന് വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉണ്ണി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പ് ലോക ബാങ്കിൽ നിന്ന് വായ്പ എടുത്തതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) ലോകബാങ്ക് വായ്പയായി സംസ്ഥാന സർക്കാർ വനം വകുപ്പിന് കേരള ഫോറസ്ട്രി പ്രോജക്ടിനായി 182.39 കോടി രൂപയാണ് അനുവദിച്ചിരുന്നത്. അതിൽ 1998 മുതൽ 2002 വരെ 123.54 കോടി രൂപയും, 2003 ജനുവരി 1 മുതൽ 2003 ഒക്ടോബർ 31 വരെ 21.81 കോടി രൂപയും അടക്കം 145.36 കോടി രൂപ ചെലവായിട്ടുണ്ട്.<br><br>ഇന്ത്യ ഇക്കോ ഡെവലപ്മെന്റ് പ്രോജക്ട് നടപ്പിലാക്കുന്നതിലേക്കായി 1996-2004 കാലഘട്ടത്തിൽ ലോകബാങ്ക് പദ്ധതിയിൽ വനം വകുപ്പിന് 32.275 കോടി രൂപ ലഭിച്ചിട്ടുള്ളതും തുക മുഴുവൻ ചെലവഴിച്ചിട്ടുള്ളതുമാണ്.<br><br>ബയോഡൈവേഴ്സിറ്റി കൺസർവേഷൻ & റൂറൽ ലൈവ്‌ലിഹുഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് നടപ്പിലാക്കുന്നതിലേക്കായി ലോകബാങ്ക് പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും 2012-13 മുതൽ 2016-17 വരെ 4.245 കോടി രൂപ ലഭിച്ചിട്ടുള്ളതും നാളിതുവരെ 3.6452 കോടി രൂപ ചെലവായിട്ടുള്ളതുമാണ്. |
| (ബി) ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് വായ്പ എടുത്തിട്ടുള്ളത് | (ബി) 1. സ്വാഭാവിക വനങ്ങളുടെ ജൈവവൈവിദ്ധ്യം മെച്ചപ്പെടുത്തുന്നതിനും, വനം തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, പങ്കാളിത്ത വനപരിപാലനം നടപ്പാക്കുന്നതിനുമായി രൂപകല്പന ചെയ്ത കേരള ഫോറസ്ട്രി പ്രോജക്ട്.<br><br>2. പെരിയാർ ഉൾപ്പെടെയുള്ള വന്യജീവി സങ്കേതങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണവും, വന്യജീവി സങ്കേതങ്ങളെ ആശ്രയിച്ച് കഴിയുന്ന ആളുകളുടെ ജീവനോപാധി മെച്ചപ്പെടുത്തലും ലക്ഷ്യമിട്ടുള്ള ഇന്ത്യ ഇക്കോ ഡെവലപ്മെന്റ് പ്രോജക്ട്.<br><br>3. ജൈവവൈവിദ്ധ്യ സംരക്ഷണവും, വനമേഖലയ്ക്ക് ചുറ്റുമുള്ള ഗ്രാമങ്ങളുടെ സർവ്വതോന്മുഖമായ വികസനവും ലക്ഷ്യമിട്ടുള്ള ബയോ ഡൈവേഴ്സിറ്റി കൺസർവേഷൻ & റൂറൽ ലൈവ്‌ലിഹുഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്. |
| (സി) വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | (സി) കാസർഗോഡ് ജില്ലയിലെ 54.6 ഹെക്ടർ കണ്ടൽ വനങ്ങൾ റിസർവ്വ് വനമായി പ്രഖ്യാപിച്ചു. കോഴിക്കോട് ജില്ലയിലെ 2.82 ഹെക്ടർ കണ്ടൽ വനങ്ങളും മലപ്പുറം ജില്ലയിൽ 20.78 ഹെക്ടർ കണ്ടൽ വനങ്ങളും പ്രൊപ്പോസ്ഡ് റിസർവ്വ് വനങ്ങളായി പ്രഖ്യാപിച്ചു. |

സെക്ഷൻ ഓഫീസർ